യുള്ള വീട്ടുടമസ്ഥർക്കും ഉടനെ തുക നൽകുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. കാർഷിക മേഖലയിൽ നഷ്ടം സംഭവിച്ചവർക്ക് ഇതുവരെയും തുകയൊന്നും അനുവദിച്ച് നൽകിയിട്ടില്ല.

79 (581) കാലവർഷക്കെടുതിയിൽ തകർന്ന-വീടുകൾ

<u>ശ്രീ. സി.കെ. നാണു</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ കാലവർഷക്കെടുതിയിൽ എത്ര വീടുകൾ തകർന്നു; എത്ര കുടുംബങ്ങൾ ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം തേടി; ഓരോ ജില്ലകളിലെയും കണക്കുകൾ വ്യക്തമാക്കുമോ;

(ബി) കാലവർഷക്കെടുതിയിൽ വീട് നഷ്ടപ്പെട്ടവർക്ക് കാലവിളംബം കൂടാതെ നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികളെടുത്തു;

(സി) ദുരിതാശ്വാസ പ്രവർത്തനം നടത്തുന്നതിന് പഞ്ചായത്തുകളും റവന്യൂ വകുപ്പും യോജിച്ചുള്ള പ്രവർത്തനം നിലവിലുണ്ടോ?

<u>ഉത്തരം</u>

(എ) ഈ വർഷത്തെ കാലവർഷം മൂലം 749 വീടുകൾ പൂർണ്ണമായും 13865 വീടുകൾ ഭാഗികമായും തകരുകയുണ്ടായി. ആകെ 14300 കുടുംബങ്ങൾക്ക് ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം നൽകിയിരുന്നു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	649
കൊല്ലം	-	1042
പത്തനംതിട്ട	-	1128
ആലപ്പുഴ	-	10512
കോട്ടയം	-	938
എറണാകുളം	-	8
തൃശ്ശൂർ	-	5
മലപ്പുറം	-	9
കോഴിക്കോട്	-	9

(ബി) ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ചുകൂട്ടി വീടുതകർന്നവർക്ക് ധനസഹായം നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ കാലതാമസം ഒഴിവാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ചെലവുചെയ്യുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നത് ജില്ലാ കളക്ടർമാരാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പഞ്ചായത്തുകളുടെയും മറ്റു ജനപ്രതിനിധികളുടെയും സേവനം ലഭ്യമാക്കുന്നുണ്ട്. പഞ്ചായത്തുകൾക്ക് സ്വന്തം നിലയിലും ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

80 (582) "അതിവർഷംമൂലമുള്ള കെടുതികൾ"

<u>ശ്രീ. എം. മുരളി</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. ഇ.എം. അഗസ്തി</u> :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി രാധാരാഘവൻ :

ശ്രീമതി ശോഭനാജോർജ്ജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്തകാലത്തുണ്ടായ അതിവർഷം മൂലമുള്ള കെടുതിയിൽ എന്തെല്ലാം നാശനഷ്ടങ്ങളുണ്ടായി;

(ബി) എത്രപേർക്ക് ജീവഹാനി നേരിട്ടു;

(സി) എത്ര വീടുകൾ തകർന്നു; എത്ര പേർക്ക് പരിക്കു പറ്റി; എത്ര മൃഗങ്ങൾ ചത്തു;

(ഡി) എത്ര വൃക്ഷങ്ങൾ കടപുഴകി വീണു;

(ഇ) കൃഷിക്ക് എന്തു നാശനഷ്ടമുണ്ടായി;

(എഫ്) ജീവഹാനി സംഭവിച്ചവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റ വർക്കും കൃഷിനാശം സംഭവിച്ചവർക്കും ഗവൺമെന്റ് എന്തെല്ലാം സഹായങ്ങൾ നൽകി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) ഈ വർഷത്തെ കാലവർഷം 1266 വില്ലേജുകളെ ബാധിച്ചു. കാലവർഷം മൂലം 23.6.1999 വരെയുള്ള കാലയളവിൽ 39 പേർക്ക് ജീവഹാനി സംഭവിച്ചു. 53 പേർക്ക് പരിക്കുപറ്റി. 749 വീടുകൾ പൂർണ്ണമായി തകർന്നു. 13865 വീടുകൾ ഭാഗികമായി നാശം ഉണ്ടായി. 3 മൃഗങ്ങൾ ചത്തു. വ്യാപകമായ കൃഷിനാശവും ഉണ്ടായിട്ടുണ്ട്.

(ഡി) തെങ്ങ്, കമുക്, റബ്ബർ, പ്ലാവ്, കശുമാവ് തുടങ്ങിയ മരങ്ങൾ കടപുഴകി വീണു നാശമുണ്ടായിട്ടുണ്ട്. മരങ്ങളുടെ എണ്ണം കൃത്യമായി കണക്കാക്കിയിട്ടില്ല.

(ഇ) പ്രാഥമിക റിപ്പോർട്ടുകൾ പ്രകാരം 2723.39 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു.

(എഫ്) ജീവഹാനി സംഭവിച്ച മുതിർന്നവരുടെ കുടുംബങ്ങൾക്ക് 30,000/- രൂപ വീതവും, കുട്ടികളുടെ കുടുംബത്തിന് 10,000/- രൂപ വീതവുമാണ് നൽകുന്നത്. സർക്കാർ ആശുപത്രികളിൽ ചികിത്സ ലഭ്യമല്ലാത്ത സാഹചര്യത്തിൽ പരമാവധി 1,500/- രൂപ വരെ സഹായധനമായി അനുവദിച്ചു നൽകുന്നുണ്ട്. കൃഷിവകുപ്പിന്റെ നഷ്ട കണക്കനുസരിച്ച് ജില്ലാ കളക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ പരിമിതി കണക്കിലെടുത്ത് കൃഷി നാശത്തിനും ധനസഹായം അനുവദിക്കാറുണ്ട്. കാലവർഷക്കെടുതി മൂലം ദുരിതമനുഭവിക്കുന്നവർക്ക് സഹായം നൽകുന്നതിനും മറ്റ് ആശ്വാസ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനുമായി 6 കോടി രൂപ എല്ലാ ജില്ലാ കളക്ടർമാർക്കുമായി മുൻകൂർ നൽകിയിട്ടുണ്ട്.

81 (583) വെള്ളപ്പൊക്ക ദുരിതാശ്വാസപദ്ധതിയിൽ അനുവദിക്കപ്പെടുന്ന റോഡുകൾ

ശ്രീമതി ആർ. ലതാദേവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ അനുവദിക്കപ്പെടുന്ന റോഡുകൾ ടെണ്ടർ ചെയ്യാനുള്ള നടപടി നിലവിലുണ്ടോ;